**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 728** **24-08-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന സഹകരണ നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. വി.എന്‍ വാസവന്‍<br>(സഹകരണ- രജിസ്ട്രേഷന്‍, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സഹകരണ നിയമത്തിലെ 14എഎ വകുപ്പ് സംഘങ്ങള്‍ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഇതിനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സഹകരണ സംഘം നിയമം വകുപ്പ് 14എഎ പ്രകാരം സഹകരണ സ്ഥാപനങ്ങള്‍ക്ക്/ അംഗങ്ങള്‍ക്ക് പ്രയോജനകരമായി തല്‍സമയത്ത് നിയമപ്രാബല്യമുള്ള ഏതൊരു നിയമത്തിന്‍കീഴിലും അനുബന്ധ സ്ഥാപനങ്ങള്‍ ആരംഭിക്കുവാന്‍ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാല്‍ ഒരു സഹകരണ സംഘം അപ്രകാരമുള്ള ഒരു അനുബന്ധസ്ഥാപനം ആരംഭിക്കുമ്പോള്‍, ആ സംഘത്തിന്റെ മുഖ്യ ഉദ്ദേശമായ പ്രവര്‍ത്തനങ്ങളേയോ, വ്യാപാരത്തിന്റേയോ, ഇടപാടുകളേയോ, ഏതെങ്കിലും ഭാഗമോ ആ സ്ഥാപനവുമായി കൈമാറ്റം പാടില്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ പ്രകാരം സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തില്‍ അനുബന്ധ സ്ഥാപനങ്ങള്‍ രജിസ്റ്റര്‍ ചെയ്ത് പ്രവര്‍ത്തിക്കുകയും സംഘങ്ങളുടെ പൊതുഫണ്ടില്‍ നിന്നും ഇത്തരം സ്ഥാപനങ്ങള്‍ക്ക് ഫണ്ട് അനുവദിക്കുന്നതായും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവണതകള്‍ തടയുന്നതിനുള്ള വ്യവസ്ഥ കേരള സഹകരണ സംഘം നിയമം സമഗ്ര പരിഷ്കരണത്തില്‍ ഉള്‍പ്പെടുത്തുന്നതാണ്. |
| (ബി) | വകുപ്പ് 14എഎ പ്രകാരം സംഘങ്ങള്‍ക്ക് അനുവദിച്ചുനല്‍കിയിട്ടുള്ള ഉപനിബന്ധനകള്‍ പലതും സഹകരണ നിയമത്തിനും ചട്ടത്തിനും രജിസ്ട്രാറുടെ സര്‍ക്കുലറുകള്‍ക്കും വിരുദ്ധമല്ലെന്ന് ഉറപ്പുവരുത്താറുണ്ടോ; വ്യക്തമാക്കാമോ? | (ബി) | കേരള സഹകരണ സംഘം നിയമം വകുപ്പ് 14എഎ പ്രകാരം സഹകരണ സ്ഥാപനങ്ങള്‍ക്ക്/ അംഗങ്ങള്‍ക്ക് പ്രയോജനകരമായി തല്‍സമയത്ത് നിയമപ്രാബല്യമുള്ള ഏതൊരു നിയമത്തിന്‍കീഴിലും അനുബന്ധ സ്ഥാപനങ്ങള്‍ ആരംഭിക്കുവാന്‍ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാല്‍ ഒരു സഹകരണ സംഘം അപ്രകാരമുള്ള ഒരു അനുബന്ധസ്ഥാപനം ആരംഭിക്കുമ്പോള്‍, ആ സംഘത്തിന്റെ മുഖ്യ ഉദ്ദേശമായ പ്രവര്‍ത്തനങ്ങളേയോ, വ്യാപാരത്തിന്റേയോ, ഇടപാടുകളേയോ, ഏതെങ്കിലും ഭാഗമോ ആ സ്ഥാപനവുമായി കൈമാറ്റം പാടില്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ പ്രകാരം സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ |

| | | | |
|---|---|---|---|
| | | | ആഭിമുഖ്യത്തിൽ അനുബന്ധ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുകയും സംഘങ്ങളുടെ പൊതുഫണ്ടിൽ നിന്നും ഇത്തരം സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവണതകൾ തടയുന്നതിനുള്ള വ്യവസ്ഥ കേരള സഹകരണ സംഘം നിയമം സമഗ്ര പരിഷ്കരണത്തിൽ ഉൾപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ